# കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുള്ള തോടുകളുടെ വീതി കൂട്ടാനുള്ള പദ്ധതിയുടെ സാമൂഹ്യാഘാത പഠന റിപ്പോർട്ട്

**(നാലാംഘട്ടം)**




**വിജിൽ**

**മട്ടന്നൂർ**

## ഫോറം നമ്പർ 6

**<u>ഉള്ളടക്കം</u>**


I. പദ്ധതി സംബന്ധമായ വിവരണം

II. പദ്ധതിയുടെ പൊതു സ്വഭാവം

III. സാമൂഹ്യാഘാത പഠന യൂണിറ്റ്

IV. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ

V. സാമൂഹ്യാഘാതങ്ങൾ

VI. സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

VII. ശുപാർശകൾ

## I. പദ്ധതി സംബന്ധമായ വിവരണം

കണ്ണൂർ ജില്ലയിലെ തലശ്ശേരി ഇരിട്ടി താലൂക്കുകളിൽ ഉൾപ്പെടുന്ന കീഴല്ലൂർ, പഴശ്ശി വില്ലേജുകളിൽ കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണപ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ്. പദ്ധതി പ്രദേശം ഇടിച്ചു നിരത്തി നിർമ്മാണ ജോലികൾ നടന്നു കൊണ്ടിരിക്കെ മഴവെള്ളം കുത്തിയൊലിച്ച് താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകി എത്തുകയും കൃഷിയിടങ്ങളിലും പറമ്പുകളിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് വിമാനത്താവളത്തിന്റെ പരിസരങ്ങളിലുള്ള വിവിധ തോടുകൾ വീതി കൂട്ടാനും വശങ്ങൾ കെട്ടി സംരക്ഷിക്കുവാനുള്ള നിർദേശം ഉണ്ടായത്. ആയത് പ്രകാരം അർത്ഥനാധികാരിയായ 'കിൻഫ്ര' 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുള്ള അഭ്യർത്ഥന കണ്ണൂർ ജില്ലാ കലക്ടർക്ക് അയക്കുകയും കലക്ടർ പ്രസ്തുത നിയമത്തിലെ 4(1) വകുപ്പ് പ്രകാരം നടത്തേണ്ട സാമൂഹ്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത നിയമം സംബന്ധമായി ചട്ടം14(1)വിജ്ഞാപനം 26.05.17 തിയ്യതിയിലെ 1080 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.

**വീതി കൂട്ടി വികസിപ്പിക്കുന്ന തോടുകളെ സംബന്ധിച്ച് വിവരങ്ങൾ**

**1. തോട് നമ്പർ I**

വിമാനത്താവള അതിർത്തിയിൽ നിന്നും തുടങ്ങി കല്ലേരിക്കര വഴി വായന്തോട് കാര തോടിൽ ചെന്ന് ചേരുന്ന തോടാണിത്. ഈ തോടിന് സുമാർ 676 മീറ്റർ നീളം ഉണ്ട്.

**2. തോട് നമ്പർ XI**

വിമാനത്താവള അതിർത്തിയിൽ നിന്നും തുടങ്ങി കൊതേരി വഴി എളമ്പാറതോടിൽ ചെന്ന് ചേരുന്ന തോടാണിത്. ഈ തോടിന് സുമാർ 480 മീറ്റർ നീളം ഉണ്ട്. കൊതേരി, എളമ്പാറ ദേശങ്ങളിലായാണ് ഈ തോട് സ്ഥിതി ചെയ്യുന്നത്.

## II പദ്ധതിയുടെ പൊതു സ്വഭാവം

**1. ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ.**

വിമാനത്താവള പദ്ധതി പ്രദേശത്ത് പെയ്യുന്ന മഴ വെള്ളം സാധാരണ ഗതിയിൽ ഭൂമിയിൽ കീഴ്ന്നിറങ്ങുകയും ഉറവകളായി നീർച്ചാലുകളിലൂടെ തോടുകളിൽ എത്തിച്ചേരുകയുമായിരുന്നു. എന്നാൽ പദ്ധതി പ്രദേശം ഇടിച്ച് നിരപ്പാക്കുകയും ഉറപ്പിക്കുകയും നിർമ്മാണപ്രവൃത്തി പുരോഗമിക്കുകയും ചെയ്തപ്പോൾ സ്വഭാവികമായ ഈ പ്രക്രിയ തടസപ്പെടുകയും വെള്ളം കുത്തി ഒലിച്ച്

താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകുകയും ചെയ്തു. സാധാരണ ഗതിയിൽ ഒഴുകി എത്തുന്ന മഴ വെള്ളത്തിന്റെ പല മടങ്ങ് വെള്ളമാണ് ഈ രീതിയിൽ ഒലിച്ചെത്തിയത്. ഇത്രയും വലിയ അളവിൽ ഒഴുകി എത്തിയ വെള്ളത്തെ ഉൾക്കൊള്ളാൻ സമീപ പ്രദേശത്തെ തോടുകൾക്ക് ശേഷി ഉണ്ടായിരുന്നില്ല. വിമാനത്താവള പ്രദേശത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ മണ്ണും അവശിഷ്ടങ്ങളും മഴവെള്ളത്തിൽ കുത്തിയൊലിച്ച് താഴോട്ട് ഇറങ്ങുകയും അത് തോടുകൾ കവിഞ്ഞ് വയലുകളിലും പറമ്പുകളിലും നാശനഷ്ടം ഉണ്ടായതിനാൽ, സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിലവിലുള്ള തോടുകൾ വീതി കൂട്ടേണ്ട സാഹചര്യം ഉണ്ടായി.  മേൽ സാഹചര്യം ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണ് എന്ന് കാണുന്നു.

**2. <u>പകരം ഭൂമി ലഭ്യമാണോ</u>.**

ഇപ്പോൾ എറ്റെടുക്കാൻ നിർദേശിക്കപ്പെട്ടിട്ടുള്ള ഭൂമി നിലവിലുള്ള തോടുകളുടെയോ, നിർച്ചാലുകളുടെയോ ഇരു വശങ്ങളിലുമായാണ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിന് ഈ ഭൂമി അല്ലാതെ മറ്റൊരു ഭൂമി അനുയോജ്യമല്ല. സർക്കാർ ഉടമസ്ഥതയിലുള്ളതോ നേരത്തെ മറ്റേതെങ്കിലും കാര്യത്തിനുവേണ്ടി അക്വയർ ചെയ്ത് ഉപയോഗിക്കപ്പെടാത്ത ഭൂമിയോ ഇവിടെ ലഭ്യമല്ല.

**3. <u>ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണോ ആവശ്യപ്പെട്ടിടുള്ളത്.</u>**

നിലവിലുള്ള തോട് 3 മീറ്റർ ആയി വീതി കൂട്ടേണ്ടതിലേക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമിക്ക് മാത്രമാണ് അപേക്ഷ നൽകിയിട്ടുള്ളത്.

## III. <u>സാമൂഹ്യാഘാത പഠന യൂണിറ്റ്.</u>

1. ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെ ആണ് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായി ചട്ടം 11(3) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനം 26.05.17 തിയ്യതിയിലെ 1080 നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**2. <u>സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന.</u>**

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന താഴെ പറയും വിധമാണ്.

| | | | |
|---|---|---|---|
| 1. | മധുസൂധനൻ എ | ഡെപ്യൂട്ടി കലക്ടർ (റിട്ട) | ചെയർമാൻ |
| 2. | സരള സി ടി | ഡെപ്യൂട്ടി തഹസിദാർ (റിട്ട) | അംഗം |
| 3. | കെ. ശ്രീധരൻ | സാമൂഹ്യപ്രവർത്തകൻ | അംഗം |

**3. <u>നേരിട്ടുള്ള വിവര ശേഖരണം.</u>**

പദ്ധതി ബാധിതമായ മുഴുവൻ സ്ഥലങ്ങളും നേരിട്ട് പരിശോധിച്ച് ബന്ധപ്പെട്ടവരുമായി സംസാരിച്ചു. പദ്ധതി സംബന്ധമായ ജനങ്ങളുടെ അഭിപ്രായങ്ങൾ സ്വരൂപിച്ചു.

## IV. <u>ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ</u>.

A. പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ പട്ടിക ഇതോടൊന്നിച്ചു ചേർക്കുന്നു.

<u>തോട് നമ്പർ I</u>

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | പഴശ്ശി | മട്ടന്നൂർ | 3/2 | 0.0110 |
| 2 | പഴശ്ശി | മട്ടന്നൂർ | 3/3 | 0.0270 |
| 3 | പഴശ്ശി | മട്ടന്നൂർ | 3/4 | 0.0135 |
| 4 | പഴശ്ശി | മട്ടന്നൂർ | 7/1 | 0.0105 |
| 5 | പഴശ്ശി | മട്ടന്നൂർ | 7/2 | 0.0300 |
| 6 | പഴശ്ശി | മട്ടന്നൂർ | 7/3 | 0.0240 |
| 7 | പഴശ്ശി | മട്ടന്നൂർ | 8/1A | 0.0280 |
| 8 | പഴശ്ശി | മട്ടന്നൂർ | 8/1B | 0.0085 |

| | | | | |
|---|---|---|---|---|
| 9 | പഴശ്ശി | മട്ടന്നൂർ | 8/1C | 0.0105 |
| 10 | പഴശ്ശി | മട്ടന്നൂർ | 9/1 | 0.0090 |
| 11 | പഴശ്ശി | മട്ടന്നൂർ | 18 | 0.0130 |
| 12 | പഴശ്ശി | മട്ടന്നൂർ | 19/1 | 0.0120 |
| 13 | പഴശ്ശി | മട്ടന്നൂർ | 22/2C3 | 0.0060 |
| | ആകെ | | | 0.2030 |

## B. ഭൂമിയുടെ ഉടമകൾ

ഏറ്റെടുക്കൽ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമകൾ താഴെപ്പറയുന്നവരാണെന്നു അന്വേഷണത്തിൽ അറിയുന്നു.

**തോട് I**

| ക്രമ നമ്പർ | തല്പര കക്ഷികളുടെ പേരും വിലാസവും | തൊഴിൽ |
|---|---|---|
| 1 | കല്യാണി, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വസ്ഥം |
| 2 | കാരായി വൽസൻ, ''റിവാനി'', പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | ആർട്ടിസ്റ്റ് |
| 3 | തങ്കമണി കെ, കരിയിൽ വീട്, കാനാട്, എടയന്നൂർ പി.ഒ | സ്വസ്ഥം |
| 4 | സുരേന്ദ്രൻ പുതുശ്ശേരി, ''റിൻഷ'', പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | പെൻഷനർ |
| 5 | പത്മാവതി കെ, കരിയിൽ വീട്, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | കൂലി |
| 6 | നാലകത്ത് കുഞ്ഞിപാത്തു, നാലകത്ത് വീട്, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വസ്ഥം |
| 7 | കൈപ്രത്ത് രഞ്ജിത്ത്, പുത്തൻ വളപ്പിൽ വീട്, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | ബാങ്ക് കലക്ഷൻ ഏജന്റ് |
| 8 | കൈപ്രത്ത് രഞ്ജിനി, പുത്തൻ വളപ്പിൽ വീട്, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | സ്വസ്ഥം |
| 9 | പുത്തൻ വളപ്പിൽ രവീന്ദ്രൻ, പുത്തൻ വളപ്പിൽ വീട്, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | ഖാദി സ്റ്റോർ |

| | | |
|---|---|---|
| 10 | കളത്തിൽ സൗമിനി, കരിയിൽ വീട്, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 11 | വേണുഗോപാലൻ പി.കെ, പി.കെ ഹൗസ്, വായന്തോട്, മട്ടന്നൂർ പി.ഒ | പെൻഷണർ |
| 12 | ഷിജില W/o ഉദയൻ, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 13 | രോഹിണി വി.കെ, വയനോളിക്കണ്ടി വീട്, കൊതേരി, മട്ടന്നൂർ പി.ഒ | സ്വന്തം |
| 14 | രാമകൃഷ്ണൻ മാസ്റ്റർ, ചന്ദ്രോത്ത് ഹൗസ്, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | ടീച്ചർ |
| 15 | വി.വി ലീല, പാറപ്പൊയിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 16 | എ.കെ ശ്രീനിവാസൻ, ശ്രീനിലയം, ആലക്കണ്ടി വീട്, വായന്തോട്, മട്ടന്നൂർ പി.ഒ | പെൻഷണർ |
| 17 | എൻ സുരേന്ദ്രൻ, സുമിതാസ്, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | കൂലി |
| 18 | എൻ പുഷ്പ, സുമിതാസ്, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | സ്വന്തം |
| 19 | എം ബീന, പാറപ്പൊയിൽ, മട്ടന്നൂർ പി.ഒ | കലക്ഷൻ ഏജന്റ് |
| 20 | ടി.പി സഫിയ, സഫിയ മൻസിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 21 | അബ്ദുൾ സലാം കെ.പി, അലീമ മൻസിൽ, വായന്തോട്, മട്ടന്നൂർ പി.ഒ | കച്ചവടം |
| 22 | അബ്ദൂൾ ഷുക്കൂർ, S/o മമ്മൂട്ടി മുസ്സലിയാർ, വായന്തോട്, മട്ടന്നൂർ പി.ഒ | കച്ചവടം |
| 23 | തോട്ടത്താൻ ചന്ദ്രൻ, കല്ലേരിക്കര, നിയർ എൽ പി സ്കൂൾ, മട്ടന്നൂർ പി.ഒ | സ്വന്തം |
| 24 | നസിയ മർസൂക്ക്, നെസ്റ്റ്, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 25 | പുതിയ പുരയിൽ കുന്നുമ്പ്രത്ത് റസിയ, മസ്കൻ, വായന്തോട്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 26 | പുതിയ പുരയിൽ കുന്നുമ്പ്രത്ത് റിയാസ് ഉസ്മാൻ, ഇ.കെ ഹൗസ്, വായന്തോട്, മട്ടന്നൂർ പി.ഒ | ഗൾഫ് |
| 27 | പുതിയ പുരയിൽ കുന്നുമ്പ്രത്ത് റസീന, ഇ.കെ ഹൗസ്, വായന്തോട്, മട്ടന്നൂർ പി.ഒ | ഗൾഫ് |

## തോട് നമ്പർ XI

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | എളമ്പാറ | 79/2 | 0.0030 |
| 2 | കീഴല്ലൂർ | എളമ്പാറ | 70/2 | 0.0070 |
| 3 | കീഴല്ലൂർ | എളമ്പാറ | 80/5 | 0.0140 |
| 4 | കീഴല്ലൂർ | എളമ്പാറ | 80/8 | 0.0090 |
| 5 | കീഴല്ലൂർ | എളമ്പാറ | 81/1A | 0.0180 |
| 6 | കീഴല്ലൂർ | എളമ്പാറ | 81/1A2 | 0.0135 |
| 7 | കീഴല്ലൂർ | എളമ്പാറ | 81/1A3A | 0.0020 |
| 8 | കീഴല്ലൂർ | എളമ്പാറ | 81/2 | 0.0030 |
| 9 | കീഴല്ലൂർ | എളമ്പാറ | 82/1A | 0.0090 |
| 10 | കീഴല്ലൂർ | എളമ്പാറ | 87/1 | 0.0210 |
| 11 | കീഴല്ലൂർ | എളമ്പാറ | 87/2 | 0.0230 |
| 12 | കീഴല്ലൂർ | എളമ്പാറ | 87/3 | 0.0095 |
| 13 | കീഴല്ലൂർ | എളമ്പാറ | 88/2A | 0.0120 |
| | ആകെ | | | 0.1440 |

**B. ഭൂമിയുടെ ഉടമകൾ**

ഏറ്റെടുക്കൽ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമകൾ താഴെപ്പറയുന്നവരാണെന്നു അന്വേഷണത്തിൽ അറിയുന്നു.

**തോട് XI**

| ക്രമ നമ്പർ | തല്പര കക്ഷികളുടെ പേരും വിലാസവും | തൊഴിൽ |
|---|---|---|
| 1 | കെ.വി ഉണ്ണി കൃഷ്ണൻ, പാലക്കൽ വീട്, കുമ്മാനം, എളമ്പാറ പി.ഒ | സ്വന്തം |

| | | |
|---|---|---|
| 2 | എൻ.പി മുഹമ്മദ് ഇക്ബാൽ, ഇക്ബാൽ മൻസിൽ, എളമ്പാറ പി.ഒ | കൂലി |
| 3 | കോയിറ്റാട്ടിൽ രാജു, കനിമ്മൽ ഹൗസ്, എളമ്പാറ പി.ഒ | കൃഷി |
| 4 | വി. ആർ ഭാസ്കരൻ, ഉഷസ്സ്, കുമ്മാനം, എളമ്പാറ പി.ഒ | പെൻഷനർ |
| 5 | ഇ.വി സുഷമ, W/o സുരേഷൻ,( മുതൽ പേർ) സജിനാലയം, ചാവശ്ശേരി | സ്വസ്ഥം |
| 6 | ആർ ഭാരതി, പുത്തൻ വീട്, എളമ്പാറ പി.ഒ | സ്വസ്ഥം |
| 7 | വരക്കോത്ത് പ്രജീഷ്, പുത്തൻ വീട്, എളമ്പാറ പി.ഒ | ഗവ. ജീവനം |
| 8 | കോയിറ്റി കാർത്യായനി, കാവുംതാഴെ. കൂടാളി പി.ഒ | സ്വസ്ഥം |
| 9 | കോയിറ്റി രവീന്ദ്രൻ, സൗപർണിക, കുമ്മാനം, എളമ്പാറ പി.ഒ | പെൻഷനർ |
| 10 | പി. ഭാമിനി, പി ഭാഗ്യശ്രീ, ‘‘ ശ്രീ പ്രഭ ‘‘ എളമ്പാറ പി.ഒ | സ്വസ്ഥം |
| 11 | കെ.സി നാരായണൻ, ശ്രീ നിലയം, എളമ്പാറ പി.ഒ | പെൻഷനർ |
| 12 | പാറക്കൽ ശങ്കരൻകണ്ടി നാരായണൻ, ഉഷസ്സ്, എളമ്പാറ പി.ഒ | വർക്ക് ഷോപ്പ് |

ഭൂമിയുടെ സ്വഭാവം : ഏറ്റെടുക്കാൻ നിർദേശിക്കപ്പെട്ട ഭൂരിഭാഗം ഭൂമിയും നിലവിലുള്ള തോടിന്റെ ഇരുവശത്തുമായാണ് സ്ഥിതി ചെയ്യുന്നത്.

## V സാമൂഹ്യാഘാതങ്ങൾ

### 1. കാർഷിക മേഖലക്കുണ്ടാകുന്ന ആഘാതങ്ങൾ

കൂടുതലായും നിലവിലുള്ള തോടുകളുടെ വശങ്ങൾ മാത്രം ഏറ്റെടുക്കുന്നത് കൊണ്ട് കൃഷിക്കും കാർഷിക മേഖലയ്ക്കും കാര്യമായ നാശനഷ്ടങ്ങൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. ഏറ്റെടുക്കുന്ന ഭൂമിയുടെ വീതി 3 മീറ്റർ മാത്രം ആയതിനാൽ അത് പ്രദേശത്തിന്റെ സമ്പത്ത് വ്യവസ്ഥക്ക് കാര്യമായ തകരാറ് ഉണ്ടാക്കുന്നില്ല.

### 2. കുടിയൊഴിപ്പിക്കൽ

ഈ പദ്ധതിക്കു വേണ്ടി യാതൊരു വാസസ്ഥലവും ഏറ്റെടുക്കുന്നില്ല. ആയതിനാൽ യാതൊരാളെയും കുടിയൊഴിപ്പിക്കേണ്ട ആവശ്യം വരുന്നില്ല.

**3. തൊഴിൽ സംബന്ധമായ ആഘാതം**

യാതൊരു തൊഴിൽ, ബിസിനസ്സ് സ്ഥാപനങ്ങളും ഈ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നില്ല. ആ നിലയ്ക്ക് തൊഴിൽ പരമായ ആഘാതങ്ങൾ ഒന്നും തന്നെ ഈ പദ്ധതി കാരണം ഉണ്ടാകുന്നില്ല.

**4. പൊതു ഇടങ്ങൾക്കുണ്ടാകുന്ന ആഘാതം**

പൊതു സമൂഹത്തിന്റെ ഉപയോഗത്തിനായുള്ള പുറംമ്പോക്കുകൾ, കളിസ്ഥലങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ, അംഗൻവാടികൾ, വായനശാലകൾ, ആരാധനാലയങ്ങൾ തുടങ്ങിയവ ഒന്നും തന്നെ ഈ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നില്ല.

**5. പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം.**

വളരെ ചെറിയ സ്ഥലം മാത്രമേ ഈ പദ്ധതിക്ക് വേണ്ടി എറ്റെടുക്കുന്നുള്ളു. വളരെ കുറച്ച് വൃക്ഷങ്ങൾ മാത്രമേ ഇതിനാൽ നഷ്ടപ്പെടുന്നുള്ളൂ. അത് പ്രദേശത്തിന്റെ പരിസ്ഥിതി സന്തുലനത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. പദ്ധതിക്കു വേണ്ടി കുന്നിടിക്കുകയോ ഭൂമിയുടെ പ്രതലത്തിന് മാറ്റം വരുത്തുകയോ ചെയ്യുന്നില്ല. മേൽ സാഹചര്യങ്ങൾ പാരിസ്ഥിതികമായ ആഘാതം ഒന്നുംതന്നെ ഇല്ല എന്നു കാണുന്നു.

**6. സ്വതന്ത്രമായ സഞ്ചാരത്തിനുള്ള തടസ്സം**

ഈ തോടുകൾ 3 മീറ്ററായി വീതി കൂട്ടുന്നതോടെ പല വീടുകളിലേക്കുമുള്ള നടവഴികൾ തടസ്സപ്പെടാൻ ഇടയുണ്ടെന്ന് കാണുന്നു.

## VI. കരട് സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

1. എല്ലാ തോടുകളുടെയും വശങ്ങൾ കരിങ്കല്ല് കൊണ്ട് കെട്ടിയോ കോൺക്രീറ്റ് ചെയ്തോ മല വെള്ളം കിണറുകളിലേക്ക് എത്തിച്ചേരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. യാതൊരു കാരണവശാലും എയർപ്പോട്ടിൽ ഉണ്ടാവുന്ന മാലിന്യങ്ങൾ തോട്ടിലേക്ക് ഒഴുക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. വഴികൾ മുറിയുന്നിടങ്ങളിൽ കോൺക്രീറ്റ് സ്ലാബുകൾ ഇട്ടു കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. 2013 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 1ാം പട്ടിക പ്രകാരമുള്ള നഷ്ടപരിഹാരത്തുകയ്ക്ക് ഭൂവുടമകൾ അർഹരാണ്. ആയത് എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## VII. ശുപാർശ

കേരളത്തിന്റെ വിശിഷ്യാ ഉത്തരകേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് കണ്ണൂർ എയർപോർട്ട്. വിഭാവനം ചെയ്ത രീതിയിൽ പദ്ധതി പൂർത്തിയായാൽ അത് ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതത്തിലും സമൂലമായ മാറ്റങ്ങൾ ഉണ്ടാക്കും. വിമാന താവള പ്രദേശത്തെ തോടുകളിലൂടെ മഴവെള്ളം ഒഴുകി നാട്ടുകാർക്ക് വൻ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വിമാന താവളം യാഥാർത്ഥ്യമാകുന്ന അവസരത്തിൽ അത് മൂലം വരാൻ ഇടയുള്ള ഇത്തരം അപകടങ്ങളെ ഇല്ലാതാക്കാനുള്ള പരിഹാര നടപടികൾ സ്വീകരിക്കുക മാത്രമെ സാധിക്കുകയുള്ളു. ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിച്ചതും അതുതന്നെയാണ്. മേൽ സാഹചര്യങ്ങളിൽ തോട് നമ്പർ I, XI എന്നിവ വീതി കൂട്ടുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂനിറ്റ്